ഖുത്വ്ബ നമ്പർ
37
14-09-2012

بسم الله الرحمن الرحيم O نحمده ونصلى على رسوله الكريم O وعلى عبده المسيح الموعود

ജുമുഅ ഖുത്വ്ബ
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالى بنصره العزيز
വിവർത്തനം: ടി.എം. അബ്ദുൽ മുജീബ്, മുബല്ലിഗ് കാക്കനാട്



# കൃതജ്ഞത അനുഗ്രഹത്തിന്റെ ഉറവിടം

അഹ്മദിയ്യ ജമാഅത്ത് യു.കെ യുടെ ജൽസാ സലാനയെ ലോകം വളരെയധികം പ്രതീക്ഷയോടെയാണ് കാത്തിരിക്കുന്നത്. ഇവിടെ ഖിലാഫത്തുള്ള കാരണത്താൽ ഇതിന് കേന്ദ്ര ജൽസയുടെ സ്ഥാനമാണുള്ളതെന്ന് കഴിഞ്ഞ ഖുതുബയിലും ഞാൻ പറയുകയുണ്ടായി. ഇതിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയാൽ ലോകത്തിലെ ഭൂരിഭാഗം കൂട്ടർക്കും ഈ ജൽസയുടെ പരിപാടികളിൽ നിന്നും കൂടുതൽ പ്രയോജനം എടുക്കാൻ സാധിക്കുന്നു. ജർമനിയും മറ്റ് ചില യൂറോപ്യൻ രാഷ്ട്രങ്ങളും സമയരേഖയുടെ അടിസ്ഥാനത്തിൽ ഇതിനടുത്താണെങ്കിലും ലണ്ടനിലെ സമയത്തെ കുറിച്ചുള്ള സങ്കൽപമാണ് ലോകത്ത് കൂടുതലായി കാണപ്പെടുന്നത്, അല്ലെങ്കിൽ ഏളുപ്പമായി മനസ്സിലാക്കുന്നത്. ഇംഗ്ലീഷുകാർ ഒരു നിണ്ട കാലം ലോകത്തിലെ ഭൂരിഭാഗം രാഷ്ട്രങ്ങളേയും ഭരിച്ചിട്ടുണ്ട് എന്നതാണതിനൊരു കാരണം. ജനങ്ങൾക്ക് എത്തിപ്പെടാൻ എളുപ്പമുള്ള ഒരു ഹബ്ബാണ് ലണ്ടൻ. താരതമ്യേന എളുപ്പത്തിൽ എത്തിച്ചേരാനും കഴിയുന്നു. ഈ സൗകര്യങ്ങളുടെ കാരണത്താൽ സാർവ്വദേശീയ പ്രതിനിധികൾ ധാരാളമായി ഇവിടെ എത്തുന്നു. ഏതായാലും യു.കെയിലെ ജൽസാ സലാനയുടെ പ്രധാന്യം വളരെ സ്പഷ്ടമാണ്. കഴിഞ്ഞ ഞായറാഴ്ച അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ജൽസ വളരെ ഭംഗിയായി അവസാനിച്ചതായി നാം കണ്ടു.

ജൽസയ്ക്ക് الحمد لله ശേഷമുള്ള ഖുതുബയിൽ ഞാൻ പൊതുവായി രണ്ട് വിഷയങ്ങളാണ് പരാമർശിക്കാറുള്ളത്. ഒന്ന് കൃതജ്ഞതയുടെ വിഷയമാണ്. ഇതിൽ അല്ലാഹുവിനോടും കൃതജ്ഞത പ്രകടിപ്പിക്കുന്നു. അതു പോലെ ജോലിക്കാർക്കും നന്ദി പറയുന്നു. രണ്ടാമത്തെ വിഷയം ജൽസാ വേളകളിൽ അറിവ് ലഭിക്കുന്ന ചില കുറവുകളിലേക്കും ന്യൂനതകളിലേക്കും ഭാവിയിൽ ഉത്തമമായ വ്യവസ്ഥ ഉണ്ടാകുന്നതിനും ഈ ന്യൂനതകളെ ദുരീകരിക്കുന്നതനുമായി ശ്രദ്ധ ക്ഷണിക്കുക എന്നതാണ്. അല്ലാഹുവിന് കൃതജ്ഞത പ്രകടിപ്പിക്കുന്നതിനെ കുറിച്ച് പറയുകയാണെങ്കിൽ ഈ വർഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്തിന്റെ കോണുകളോളം അഹ്മദിയത്ത് അഥവാ യഥാർത്ഥ ഇസ്ലാമിന്റെ സന്ദേശം എത്തിക്കുന്നതിനും, ഇസ്ലാമിന്റെ യഥാർത്ഥ സന്ദേശം എത്തിക്കുന്നത് പ്രയാസകരമായി കണ്ടിരുന്ന വിഭാഗങ്ങളിലേക്കും അഹ്മദിയത്തിന്റെ സന്ദേശം എത്തിക്കുന്നതിനുമുള്ള തൗഫീഖ് ജമാഅത്തിന് ലഭിക്കുകയുണ്ടായി. എന്റെ വിവിധ രാജ്യങ്ങളിലേക്കുള്ള സന്ദർശന വേളകളിലും അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ ദൃശ്യം നാം കണ്ടു. തൽസംബന്ധമായി സന്ദർശനവേളകളിലെ ഖുതുബകളിലും അതിനു ശേഷമുള്ള ഖുതുബകളിലും പരാമർശിച്ചു കഴിഞ്ഞു. ഏതായാലും അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടേയും കാരുണ്യങ്ങളുടേയും ഈ ശൃംഖല ഈ വർഷം ഒരു പുതിയ തേജസ്സോടു കൂടി യൂറോപ്പിലും ആഫ്രിക്കയിലും അമേരിക്കയിലും ഇന്ത്യയിലും നാം ദർശിച്ചു. അഹ്മദിയ്യാ ജമാഅത്ത് ബ്രിട്ടന്റെ ജൽസയിലും ഇത് എല്ലാവരും കാണുകയും അനുഭവിച്ചറിയുകയും ചെയ്തതോടൊപ്പം ഈ അനുഗ്രഹങ്ങളെ കരസ്ഥമാക്കുന്നവരുമായി. ഓരോ ദിനവും ഓരോ അവസരവും കൃതജ്ഞതയുടെ പുതിയ മാർഗങ്ങളാണ് നമുക്ക് കാണിച്ച് തന്നത്. അതിനാൽ നാം ഈ നന്ദിപ്രകടനത്തിന്റെ മാർഗത്തിൽ ചരിക്കുന്നവരാകേണ്ടതാണ്. ഓരോ അനുഗ്രഹവും കാരുണ്യവും അല്ലാഹുവിന്റെ ജമാഅത്തിനായുള്ള പിന്തുണയും സഹായവും നമുക്ക് എപ്പോഴും കൃതജ്ഞതയുടെയും പുതിയ ലക്ഷ്യങ്ങൾ കാണിക്കുന്നതാകട്ടെ. ആ നന്ദിപ്രകടനത്താൽ നാം അല്ലാഹുവിന്റെ കൂടുതലായുള്ള അനുഗ്രഹത്തിന്റേയും കാരുണ്യത്തിന്റേയും അവകാശികളാകട്ടെ. കൃതജ്ഞത കാണിക്കുകയാണെങ്കിൽ കൂടുതൽ അനുഗ്രഹങ്ങൾ ലഭിക്കുന്നതാണെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. പറയുന്നു

وَاِذْتَاَذَّنَ رَبُّكُمْ لَئِنْ شَكَرْتُمْ لَاَزِيْدَنَّكُمْ
وَلَئِنْ كَفَرْتُمْ اِنَّ عَذَابِىْ لَشَدِيْدٌ ۝٨ (14.8)

അല്ലാഹു തന്നരുളുന്നു. തന്നരുളുന്നതിനായുള്ള സന്ദർഭങ്ങൾ ഒരുക്കി തരുന്നു. മനുഷ്യന്റെ തന്നെ കൃതഘ്നത കാരണത്താലാണ് ചിലപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ നിന്ന് പിന്തള്ളപ്പെടുന്നത്. അതിനാൽ പൊതുവിൽ അല്ലാഹുവിനോടുള്ള ഈ നന്ദിപ്രകടനവും മനുഷ്യന് പ്രയോജനകാരിയാകുന്നു. അല്ലാഹു സ്വാശ്രയനാകുന്നു, നിരാശ്രയനാകുന്നു. അവന് ആരുടേയും സഹായത്തിന്റെ ആവശ്യമില്ല. ആരുടേയും അനുഗ്രഹത്തിന്റെ ആവശ്യമില്ല. ദാസരുടെ കൃതജ്ഞതയുടെ ആവശ്യമില്ല. അവൻ എല്ലാ തരത്തിലുള്ള സമ്പത്തിന്റേയും ശക്തിയുടേയും അധിപനാകുന്നു. അങ്ങിനെയുള്ള അസ്ഥിത്വത്തിന് നമ്മുടെ കൃതജ്ഞതയുടേയോ, നാം നന്ദിയുള്ളവരാകേണ്ടതിന്റെയോ ആവശ്യമെന്താണ്? എന്നാൽ അല്ലാഹു മനുഷ്യനെ അനുഗ്രഹിക്കുമ്പോൾ അവൻ നന്ദിയുള്ളവനാകുന്നുണ്ടോ ഇല്ലയോ എന്ന് നോക്കുന്നു. അഥവാ നന്ദിയുള്ളവനാകുകയാണെങ്കിൽ അനുഗ്രഹം വർദ്ധിച്ച് കൊണ്ടേ പോകുന്നു. വിശുദ്ധ ഖുർആനിൽ ഹദ്റത്ത് സുലൈമാൻ(അ)നെ സംബന്ധിച്ചും പറയുന്നുണ്ട്. അദ്ദേഹം അല്ലാഹുവിന്റെ അനുഗ്രഹത്തെ കണ്ടപ്പോൾ പറഞ്ഞു

لِيَبْلُوَنِىْٓ ءَاَشْكُرُ اَمْ اَكْفُرُ ؕ وَمَنْ شَكَرَ فَاِنَّمَا يَشْكُرُ
لِنَفْسِهٖ ۚ وَمَنْ كَفَرَ فَاِنَّ رَبِّىْ غَنِىٌّ كَرِيْمٌ ۝٤١ (27.41)

ഞാൻ കൃതജ്ഞതയാണോ, കൃതഘ്നതയാണോ കാണിക്കുന്നത് എന്ന് അവൻ എന്നെ പരീക്ഷിക്കുന്നതിന് വേണ്ടി. ഏതൊരാൾ നന്ദി കാണിക്കുന്നുവോ അയാൾ സ്വന്തം ഗുണത്തിന് വേണ്ടി തന്നെയാണ് നന്ദി കാണിക്കുന്നത്. ആരെങ്കിലും നന്ദികേട് കാണിക്കുന്നതായാൽ തീർച്ചയായും എന്റെ നാഥൻ സ്വാശ്രയനും ഔദാര്യവാനുമാകുന്നു, അവൻ തന്നെയാണ് അനുഗ്രഹിക്കുന്നവൻ. ചുരുക്കത്തിൽ കൃതജ്ഞത അനുഗ്രഹം കരസ്ഥമാ

ക്കാനും ഉന്നത ധാർമിക ഗുണത്തിന്റെ പ്രകടനം പഠിപ്പിക്കുന്ന തിനായിട്ടാണ്. കൃത്ജ്ഞത കാണിക്കുകയാണെങ്കിൽ കൂടുതൽ അനുഗ്രഹം കരസ്ഥമാകുന്നതാണ്, നിങ്ങളുടെ സ്വഭാവം ഉത്ത മമാവുന്നതാണ്. എന്നാൽഒരു ഭൗതിക മനുഷ്യന്റെ നിർഭാഗ്യ മെന്ന് പറയാം, അവൻ സന്തോഷത്തിന്റേയും അനുഗ്രഹത്തി ന്റേയും അവസരങ്ങളിൽ അല്ലാഹുവിനെ വിസ്മരിച്ച് കളയുന്നു. മുമ്പ് ഓർമയുണ്ടായിരുന്നു. കരസ്ഥമായപ്പോൾ മറന്നു പോയി. ചിലപ്പോൾ മനസ്സ് പറയും, ഇത്തരത്തിലുള്ള വിജയം നിന്റെ പരി ശ്രമത്തിന്റെ ഫലമാണ് നിന്റെ നല്ല പ്ലാനിങ്ങിന്റെ ഫലമാണ് നിന്റെ ജോലി ചെയ്യുന്നവരുടെ കൂട്ടായ്മയുടെ ഫലമായിട്ടാണ്. അല്ലാഹു ഒരിടത്ത് പറയുന്നു قَلِيْلٌ مِّنْ عِبَادِيَ الشَّكُوْرُ (34.14) നന്ദിയുള്ളവർ എന്റെ ദാസരിൽ വളരെ കുറവാണ്. എന്നാൽ യഥാർത്ഥ വിശ്വാ സി നിശ്ചയമായും അല്ലാഹുവിനോട് നന്ദിയുള്ളവനാണ്. കാല ഘട്ടത്തിലെ ഇമാമിനെ വിശ്വസിച്ച അഹ്മദികളായ നാം അല്ലാ ഹുവിന്റെ നന്ദിയുള്ള ദാസരിൽപ്പെട്ടവരാണ്. അങ്ങിനെ ആകേ ണ്ടതാണ്. ജമാഅത്ത് അഹ്മദിയ്യയുടെ മേൽ ഉണ്ടായി കൊണ്ടി രിക്കുന്ന അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ മഴ, നാം അല്ലാഹു വിന്റെ അനുഗ്രഹങ്ങളിൽ അവനോട് നന്ദിയുള്ളവരായ ദൈവദാ സരിൽ ഉൾപ്പെട്ടവരാണെന്ന ധൈര്യവും സാന്ത്വനവും നമുക്ക് നൽകുന്നു. ഓരോ അനുഗ്രഹത്തിലും اَلْحَمْدُ لِلّٰهِ എന്ന് പറയുന്നു. ആ വിജയത്തെ അല്ലാഹുവിലേക്ക് ബന്ധിപ്പിക്കുന്നു. അല്ലാഹു വിന്റെ അനുഗ്രഹത്താൽ ഓഫീസർമാർ മുതൽ സാധാരണ ജോലിക്കാർ വരെയുള്ളവരിൽ പല ആത്മാർത്ഥരായ അഹ്മദിക ളേയും കണ്ടിട്ടുണ്ട്. അവർ വളരെ ആവേശഭരിതരായി കൊണ്ട് കണ്ണുനീർ ഒഴുക്കികൊണ്ട് തങ്ങളുടെ വിജയത്തെ അല്ലാഹുവി ന്റെ അനുഗ്രഹവുമായി ബന്ധിപ്പിക്കുന്നു. നമ്മിൽ ഇത്തരത്തിൽ നന്ദിയുള്ള ദാസർ ഉണ്ടായി കൊണ്ടിരിക്കുന്നത് വരെ, നാം നന്ദി യുള്ള ദാസരായികൊണ്ടിരിക്കുന്നത് വരെ അല്ലാഹുവിന്റെ അനു ഗ്രഹങ്ങളെ വർഷിക്കുന്നതായി നാം കണ്ടു കൊണ്ടിരിക്കു ന്നതാ ണ്. നമ്മുടെ നാവ് اَلْحَمْدُ لِلّٰهِ എന്ന വാക്ക് ഉച്ചരിച്ച് കൊണ്ടിരിക്കു ന്നത് വരെ, നമ്മുടെ ഹൃദയം അവന്റെ അനുഗ്രഹങ്ങളിൽ അവ ന്റെ സമക്ഷത്തിൽ സുജൂദിലായിരിക്കുന്നത് വരെ നാം അല്ലാഹു വിന്റെ അനുഗ്രഹങ്ങളുടെ അവകാശികളായി കൊണ്ടിരിക്കുന്ന താണ്. അതിനാൽ എല്ലാ ജോലിക്കാരും, എല്ലാ ഓഫീസർമാരും, ജൽസയിൽ പങ്കെടുത്ത എല്ലാവരും, എം.ടി.എ മുഖേന പങ്കെടു ക്കുന്ന ലോകത്തിലെ എല്ലാ അഹ്മദികളും അല്ലാഹുവിന്റെ അനു ഗ്രഹങ്ങളുടെ പദ്യം ആലപിക്കുകയും അല്ലാഹുവിന് കൃതജ്ഞ ത പ്രകടിപ്പിച്ച് കൊണ്ട് സുജൂദ് ചെയ്യുകയുമാണെങ്കിൽ എത്ര ആത്മാർത്ഥത നമ്മുടെ സുജൂദിലുണ്ടോ, നാം സുജൂദ് ചെയ്യുന്ന വരും നന്ദി പറയുന്നവരും ആകുന്നുവൊ അത്ര ശക്തിയിൽ അല്ലാ ഹുവിന്റെ അനുഗ്രഹങ്ങൾ നമ്മിൽ വർഷിക്കുന്നതാണ്. അതേ വേഗതയിൽ നാം പുരോഗതിയിലേക്ക് കുതിക്കുന്നതാണ്. അല്ലാ ഹുവിന്റെ സവിശേഷ ഗുണങ്ങളെ നാം മനസ്സിലാക്കുന്നതാണ്. അവന്റെ കാരുണ്യം നമ്മിൽ ഇറങ്ങുന്നതാണ്. അങ്ങിനെ അല്ലാ ഹുവിനെ സ്തുതിക്കുന്നതിന്റെ പുതിയൊരു ശ്യംഖല ആരംഭിക്കു ന്നതാണ്. പിന്നീട് അല്ലാഹു പറയുന്നു. കൃതജ്ഞത കാണിക്കു ന്നവർ നവംനവങ്ങളായ അടയാളങ്ങൾ ദർശിക്കുന്നു. ഇന്ന് അല്ലാ ഹുവിന്റെ അനുഗ്രഹങ്ങളുടേയും അടയാളങ്ങളുടെ ശ്യംഖല അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് ദർശിക്കുന്നതെന്ന് നമുക്ക് പറയാൻ കഴിയുന്നതാണ്. അല്ലെങ്കിൽ അഹ്മദിയ്യാ ജമാഅ ത്തിന്റെ എതിർപ്പിലുള്ള മാനുഷിക പ്രയത്നങ്ങളും, എതിരാളിക ൾക്ക് നമ്മുടെ മേലുള്ള ജനപ്പെരുപ്പവും, നമ്മുടെ എതിരാളിക ളുടെ കയ്യിലുള്ള ഖജനാവും, അവർക്ക് ലഭ്യമായിട്ടുള്ള മാധ്യമ ങ്ങളും, സാമ്പത്തിക മാധ്യമങ്ങളും, ശാരീരിക മാധ്യമങ്ങളും, നമ്മെ ഇല്ലാതാക്കുന്നതിന് വേണ്ടിയുള്ള ഭരണകൂടങ്ങളുടെ സന്നദ്ധതയും പ്രയത്നങ്ങളും, അല്ലാഹുവിന്റെയും റസൂലിന്റേ യും നാമത്തിൽ അജ്ഞരായ പൊതുജനങ്ങളെ നമുക്കെതിരിൽ പ്രകോപിതരാക്കുന്നതും, പ്രത്യേകിച്ച് പാക്കിസ്ഥാനിൽ അത് പാരമ്യതയിൽ എത്തിയിരിക്കുന്നു. ചുരുക്കത്തിൽ ഇപ്പോൾ അഹ് മദിയത്തിന്റെ എതിരാളികൾ അഹ്മദിയ ത്തിനെ ഇല്ലാതാക്കുന്ന തിനുള്ള നിസാര മാർഗങ്ങളെ പോലും ഉപേക്ഷിക്കുന്നില്ല. അഥ വാ അല്ലാഹുവിന്റെ നിരന്തരമായ അനുഗ്രഹങ്ങളും അടയാളങ്ങ ളുടെ ശൃഖലയും ഇല്ലായിരുന്നുവെങ്കിൽ ഈ ഭൗതിക പ്രയത്ന ങ്ങൾ എപ്പോഴെ ജമാഅത്തിനെ നശിപ്പിച്ചേനെ. ഇതവർ മനസ്സിലാ ക്കുന്നില്ല. ഈ കാലഘട്ടത്തിൽ നന്ദിയുള്ളവരുടെ ജമാഅത്ത് ഇതു മാത്രമാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ദർശിച്ച് കൊണ്ട് കൃതജ്ഞതയുടെ വികാരത്താൽ സുജൂദ് ചെയ്യുമ്പോൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കൂടുതൽ വലിച്ചെടുക്കുന്നു. സുജൂദിൽ നിന്ന് തലയുയർത്തി ഈ അനുഗ്രഹങ്ങളെ കാണു മ്പോൾ സ്തുതിയുടേയും കൃതജ്ഞതയുടേയും വികാരത്താൽ വീണ്ടും സുജൂദ് ചെയ്യുന്നു. ഇതേ മാതൃകയാണ് നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) നമ്മുടെ മുന്നിൽ സമർപ്പിച്ചത്. ഇങ്ങനെയാണ് നന്ദി പ്രകടിപ്പിക്കുക. പിന്നീട് അസീ മിതമായ ഖജനാവിന്റെ ഉടമസ്ഥനായ അല്ലാഹു തന്റെ അനുഗ്ര ഹങ്ങളേയും ഇറക്കി കൊണ്ടേയിരിക്കുന്നതാണ്. അവസാനി ക്കാത്ത ശൃഖലയാണ് അഹ്മദിയ്യാ ജമാഅത്തിന് മേൽ അല്ലാ ഹുവിന്റെ അനുഗ്രഹത്താൽ നിലനിൽ ക്കുന്നത്. നമ്മുടെ വിരോ ധികൾ ഈ യാഥാർത്ഥ്യത്തെ മനസ്സിലാക്കി കൊണ്ട് അല്ലാഹുവി നോട് എതിരിടുന്നത് ഉപേക്ഷിച്ചാൽ എത്ര നന്നായിരുന്നു! ഈ വർഷം അല്ലാഹു വർഷിട്ടുള്ള അനുഗ്രഹങ്ങളിൽ ഏതിനൊക്കെ യാണ് പരാമർശിക്കുക? അല്ലാഹുവിനോടുള്ള കൃതജ്ഞതയുടെ അവകാശം പൂർത്തിയാക്കുന്ന നാവ് എവിടെ നിന്നാണ് കൊണ്ട് വരിക ? ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഒരു പദ്യശകലത്തിൽ പറയുന്നു. **വോ സബാൻ ലാഊം കഹാം സെ ജിസ്സെ ഹോ യെ കാറൊബാർ**. അതായത് ഇത് പ്രാവർത്തികമാക്കാൻ സാധി ക്കുന്ന നാവ് എവിടെ നിന്നാണ് കൊണ്ട് വരിക? ചുരുക്കത്തിൽ അല്ലാഹുവിനോടുള്ള കൃതജ്ഞതയുടെ ബാധ്യത നിറവേറ്റാൻ നമുക്ക് സാധിക്കില്ല. എന്നാൽ തീർച്ചയായും പരിശ്രമിക്കാവുന്ന താണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളേയും കാരുണ്യങ്ങളേയും കരസ്ഥമാക്കി കൊണ്ടിരിക്കുന്നവരായി നാം മാറുന്നതിന് വേണ്ടി എപ്പോഴും പരിശ്രമിച്ച് കൊണ്ടിരിക്കേണ്ടതുമാണ്. തലമുറ തല മുറകളായി ഈ സുപ്രധാന വിഷയം നമ്മുടെ മനസ്സിൽ പതിയു ന്നവരായി അല്ലാഹു നമ്മെ മാറ്റട്ടെ. നമ്മുടെ കർമ്മങ്ങൾ അത് വെളിപ്പെടുത്തുന്നതായിരിക്കും.

അല്ലാഹുവിന്റെ അനുഗ്രഹങ്ങളിലെക്ക് നാം എത്തിനോട്ടം നട ത്തുകയാണെങ്കിൽ പോലും നന്ദി പ്രകടിപ്പിക്കുന്നതിനായി ഒരു നിണ്ട ലിസ്റ്റ് നമുക്ക് ലഭിക്കുന്നു. അല്ലെങ്കിൽ നന്ദി പ്രകടിപ്പിക്ക ണമെന്ന് നമ്മോട് ആവശ്യപ്പെടുന്നു. ചിലപ്പോൾ റിപ്പോർട്ട് വായി ക്കുമ്പോൾ അല്ലെങ്കിൽ കേൾക്കുമ്പോൾ നമുക്ക് ജമാഅത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെയും ആശുപത്രിയു ടേ യും വളർച്ച കൃതജ്ഞതക്ക് നിർബന്ധിക്കുന്നു. ചിലപ്പോൾ ആശു പത്രികളിൽ നിന്ന് രോഗശമനം ലഭിച്ച ദരിദ്രരായവരുടെ ആത്മ സംതൃപ്തമായ മുഖങ്ങളും ജമാഅത്തിന് വേണ്ടിയുള്ള ദുആയും കൃതജ്ഞതയിലേക്ക് ശ്രദ്ധ നൽകുന്നു. ചിലപ്പോൾ മനുഷ്യസേവ നത്തിന്റെ കീഴിൽ ദരിദ്രർക്ക് കുടിവെള്ളത്തിനുള്ള സംവിധാനം ലഭ്യമാക്കിയപ്പോൾ ദരിദ്ര കുട്ടികളുടെ മുഖത്തുള്ള സന്തോഷം അല്ലാഹുവിന്റെ സ്തുതിയിലേക്ക് കൊണ്ട് പോകുന്നു. 7,8 വയ സ്സുള്ള കുട്ടികളുടെ സന്തോഷത്തിന് കാരണം, മുമ്പ് 2,3 മൈ ലുകൾ ദൂരത്ത് നിന്നാണ് വെള്ളം കൊണ്ട് വന്നിരുന്നത്, എന്നാൽ ഇപ്പോൾ അവർക്ക് അവരുടെ വീടിന്റെ വാതിക്കൽ തന്നെ വെള്ളം

ലഭിക്കുന്നു എന്നതാണ്. അവർ ജമാഅത്തിന് നന്ദിയുള്ളവരാകുന്നു. പിന്നീട് നമുക്ക് ഈ കാര്യത്തിൽ കൃതജ്ഞത രേഖപ്പെടുത്തുന്നു. ചിലപ്പോൾ നാം ജമാഅത്തിന്റെ പുരോഗതിയുടെ റിപ്പോർട്ട് കേൾക്കുമ്പോൾ, അല്ലാഹുവിന്റെ അനുഗ്രഹത്തിൽ ജമാഅത്തിന് ലഭ്യമായ മിഷൻ ഹൗസുകളുടേയും പള്ളിയുടേയും കാര്യത്തിൽ നന്ദി പറയുന്നവരാകുന്നു. ചിലപ്പോൾ വിശ്വാസത്തിന്റെ വളർച്ചയുടെ അത്ഭുതകരമായ സംഭവങ്ങൾ കേട്ട് അല്ലാഹുവിനെ സ്തുതിച്ചു കൊണ്ട് അവനെ സുജൂദ് ചെയ്യുന്നവരാകുന്നു. ചിലപ്പോൾ നാം ദീനി പ്രചാരണത്തിന്റെ പൂർത്തീകരണത്തിനായി അല്ലാഹുവിനാൽ നൽകപ്പെട്ട വ്യവസ്ഥയും അതിനെ പൂർണമായും പ്രയോജനപ്പെടുത്തിയതിന്റെയും ഫലമായി അല്ലാഹുവിന് നന്ദിയുള്ളവരാകുന്നു. ഈ കാലഘട്ടത്തിൽ അവൻ ഏതു തരത്തിലുള്ള സൗകര്യങ്ങളാണ് ജമാഅത്തിന് നൽകിയിട്ടുള്ളത് എന്ന കാര്യത്തിൽ. 20,30 വർഷം മുമ്പ് ഇവയെ കുറിച്ചുള്ള ചിന്ത പോലുമില്ലായിരുന്നു. ചിലപ്പോൾ ഓരോ വർഷവും അല്ലാഹു നമുക്ക് അഹ്മദിയ്യത്തിന്റെ ചെടി നടപ്പെട്ട ഓരോ പുതിയ രാജ്യവും നൽകുന്നു എന്നതിൽ അവനെ സ്തുതിക്കുകയും നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ഞാൻ നിന്റെ തബ്ലീഗ് ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതാണ് എന്ന ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വെളിപാട് പൂർത്തിയായി നാം കാണുന്നു. ചിലപ്പോൾ നാം ലക്ഷക്കണക്കിന് സത്യാത്മാക്കൾ അഹമദിയ്യത്ത് സ്വീകരിക്കുന്നതിൽ നന്ദിയുടെ സുജൂദ് ചെയ്യുന്നവരാകുന്നു. ഒരു ഭാഗത്ത് ശത്രുക്കൾ എതിർപ്പിന്റെ കൊടുങ്കാറ്റ് സൃഷ്ടിക്കുകയും എന്നാൽ അവരിൽ നിന്ന് തന്നെ സ്നേഹത്തിന്റെ നീർതുള്ളികൾ പൊഴിക്കുന്നവരും ഉണ്ടാകുന്നു. അവർ നബി തിരുമേനി(സ)യോടൊപ്പം അങ്ങയുടെ സത്യപ്രേമിക്കും സലാം അറിയിക്കുന്നു. ഒരു ദ്രോഹത്തിനും എതിർപ്പിനും സത്യം സ്വീകരിക്കുന്നതിൽ നിന്നു അവരെ തടയാൻ കഴിയുന്നില്ല. ഈ വർഷം ജൽസയുടെ ഹാജർ നിലയെ സംബന്ധിച്ച്, ഒരുപക്ഷേ കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് പകുതി ആളുകളേ ഉണ്ടാകു എന്ന ഭയമുണ്ടായിരുന്നു. കാരണം സ്കൂൾ തുറന്നിരുന്നു. തിരക്കായിരുന്നു, മാതാപിതാക്കൾക്കും വരാൻ കഴിയില്ലായിരുന്നു. എന്നാൽ അല്ലാഹു അസാധാരണമായ അനുഗ്രഹം നൽകി. നിങ്ങൾ ജമാഅത്തംഗങ്ങളുടെ ആത്മാർത്ഥതയേയും കൂറിനേയും under estimate ചെയ്യുകയാണോ എന്നതിൽ നമ്മെ ലജ്ജിതരാക്കി. ചുരുക്കത്തിൽ എങ്ങിനെയെല്ലാമാണ് നാം അല്ലാഹുവിന് കൃതജ്ഞത പ്രകടിപ്പിക്കുക? ഓരോ ജോലിക്കാരും ഓരോ പങ്കാളികളും ജൽസ എല്ലാ നിലയിലും വിജയിച്ചു എന്നതിലും അല്ലാഹുവിന് നന്ദിയുള്ളവരാണ്. മറിച്ച് ചിലർ എനിക്ക് എഴുതുന്നത് കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ നല്ലതായി തോന്നി, എല്ലാ നിലയിലും കൂടുതൽ ഉത്തമമായി അനുഭവപ്പെട്ടു എന്നാണ്. ഇതെല്ലാം കണ്ട് കൊണ്ട് നാം നന്ദിയുള്ളവരാകാതിരിക്കുക എങ്ങിനെയാണ്? പിന്നീട് പൊതുവിൽ ജൽസയിൽ പങ്കെടുത്തവരെല്ലാവരും എല്ലാ അവസ്ഥയിലും ആരോഗ്യവാന്മാരായിരുന്നു, സുഖമായി തങ്ങളുടെ വീടുകളിൽ എത്തി എന്നതിലും നാം അല്ലാഹുവിന് നന്ദിയുള്ളവരാണ്.

ചില കാര്യങ്ങൾ മാത്രമാണ് ഞാൻ പരാമർശിച്ചത്. ഇവയുടെ വിശദീകരണത്തിലേക്ക് നാം കടക്കുകയാണെങ്കിൽ അതിന് ധാരാളം സമയം വേണ്ടി വരും. നമ്മിൽ ഉണ്ടായികൊണ്ടിരിക്കുന്ന അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സംബന്ധിച്ച് ധാരാളം പേജുകൾ നിറക്കാൻ സാധിക്കും. ചുരുക്കത്തിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ ഒരു ശൃംഖല തന്നെ നമ്മെ അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുന്നതിനായി നമ്മെ നിർബന്ധിതനാകുന്നു നമുക്ക് കൃതജ്ഞതയുടെ പാഠം നൽകുന്നു. ഇത് സംഘാടകർക്കും ജോലിക്കാർക്കും ജൽസയിൽ പങ്കെടുത്ത എല്ലാവർക്കും വേണ്ടിയുള്ള കൃതജ്ഞതയുടെ വിഷയങ്ങളാണ്. അല്ലാഹുവിന് നന്ദിയുള്ളവരാകുകയും അവന്റെ യഥാർത്ഥ ദാസരാകുകയും ചെയ്യുക. ജൽസയുടെ ദിനങ്ങളിൽ ദാസരുടെ നന്ദിയുള്ളവരാകുന്ന കാര്യങ്ങളും അരങ്ങേറുന്നു. ഉണ്ടാകേണ്ടതുമാണ്. ഇതിൽ ജൽസയിൽ ജോലി ചെയ്യുന്ന പുരുഷന്മാരും സ്ത്രീകളും ഉൾ പ്പെടുന്നു. ഇതിൽ വിവിധ വിഭാഗങ്ങളുടെ ജോലിക്കാരുണ്ട്. അവർ നമ്മുടെ അതിഥികൾക്കായി താമസത്തിനുള്ള സംവിധാങ്ങൾ ഒരുക്കുന്നു. കുളിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു. ഗതാഗതത്തിനുള്ള സംവിധാനം ഒരുക്കുന്നു. ഭക്ഷണം പാകം ചെയ്യുന്നതിനുള്ള സംവിധാനവും ഒരുക്കുന്നു. ഭക്ഷണം നൽകുന്നതിനുള്ള സംവിധാനവും ഒരുക്കുന്നു. ഭക്ഷണത്തിന് ശേഷം വൃത്തിയാക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നു. സുരക്ഷയുടെ സംവിധാനം ഒരുക്കുന്നു. എല്ലാ സമയവും ഖുദ്ദാമുൽ അഹ്മദിയ്യ സന്നദ്ധരായി നിൽക്കുന്നു.

ഇത്തവണ പുതുതായി വന്ന അനഹ്മദികളും ചില രാജ്യങ്ങളിലെ വലിയ വ്യക്തിത്വങ്ങളും അടങ്ങുന്ന അതിഥികളെ കൂടാതെ എല്ലാ വർഷവും വരുന്ന ചില അതിഥികളും പറഞ്ഞത് പൊതുവിൽ ജൽസാ സലാനയുടെ സംവിധാനം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വളരെ ഉത്തമമായി എന്നതാണ്. അതിൽ നാം അല്ലാഹുവിനോട് കൃതജ്ഞതയുള്ളവരാണ്. ഇതിനെ ഉത്തമമാക്കുന്നതിൽ മഹത്തായ സേവനങ്ങൾ നൽകിയ ജോലിക്കാരോടും കൃതജ്ഞതയുള്ളവരാണ്. വിവിധ വിഭാഗങ്ങളിൽ വളരെ പുരോഗതി ഈ വർഷം ഉണ്ടാകുകയുണ്ടായി. ഇതാണ് നമ്മുടെ പ്രത്യേക അടയാളമാകേണ്ടത്. അതായത് നമ്മുടെ സംവിധാനത്തിൽ ഓരോ വർഷവും പുരോഗതി ഉണ്ടാക്കേണ്ടതാണ്. മനുഷ്യപ്രയത്നത്തിൽ നൂറ് ശതമാനം പൂർണത വരുന്നതാണ് എന്ന് ജാമ്യം നൽകാൻ കഴിയില്ല. 100 ശതമാനവും ഉത്തമമാകും എന്നും പറയാൻ കഴിയില്ല. നബി (സ)യുടെ വ്യക്തിത്വമല്ലാതെ മറ്റൊരു മനുഷ്യനും പരിപൂർണനാകനും കഴിയില്ല എന്നതു പോലെ. അങ്ങയെ കൂടാതെ പരിപൂർണനായ മറ്റൊരു മനുഷ്യനെ സൃഷ്ടിച്ചിട്ടില്ല. എന്നാൽ അങ്ങ് പറയുന്നു, അല്ലാഹു എന്നെ ദീനി കാര്യങ്ങളിൽ പരിപൂർണ്ണനാക്കിയിരിക്കുന്നു. എന്നാൽ ഭൗതിക കാര്യങ്ങളിൽ അവൻ എനിക്ക് മാർഗദർശനം നൽകിയിട്ടില്ല. അതിനാൽ ഒരു മനുഷ്യനെന്ന കാരണത്താൽ നമ്മുടെ പ്രവർ ത്തനങ്ങളിൽ ന്യൂനതയും ബലഹീനതയും ഉണ്ടാകുന്നതാണ്. എന്നാൽ ന്യൂനതയുടേയും ബലഹീനതയുടേയും സമുദ്ധാരണത്തിനായി തയ്യാറാകുകയാണെങ്കിൽ നാം എപ്പോഴും പുരോഗതിയിലേക്ക് മുന്നേറുന്നതായിരിക്കും.

ലോകത്തിന് നമ്മുടെ പ്രവർത്തനങ്ങൾ ഉന്നത നിലവാരത്തിലുള്ളതായി തോന്നുന്നു. എന്നാൽ മേന്മയുടെ സാധ്യത എപ്പോഴും ഉണ്ട് എന്ന് നാം മനസ്സിലാക്കേണ്ടതാണ്. നൈജീരിയയിൽ നിന്ന് വന്ന ഒരു ചീഫ് എന്നോട് പറഞ്ഞു, ഇത്തരം സാഹചര്യത്തിൽ ജൽസക്ക് വേണ്ടി താൽക്കാലികമായി ഉണ്ടാക്കുന്ന സംവിധാനങ്ങളിൽ, ഒരു മുഴുവൻ പട്ടണവും തയ്യാറാക്കുന്നതിൽ ഇതിനേക്കാളും ഉത്തമം അസാധ്യമാണ്. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രം അതിഥികൾ നമ്മിൽ സന്തോഷിതരായിട്ടാണ് മടങ്ങിയത് എന്നതിൽ അവരോട് കൃതജ്ഞതയുള്ളവരാണ്. അല്ലാഹുവിനോടും കൃതജ്ഞതയുള്ളവരാണ്. നാം കരസ്ഥമാക്കിയത് പരമ സീമയാണെന്ന് നമുക്ക് പറയാൻ കഴിയില്ല. എന്നാൽ നമ്മുടെ പ്രയത്നം ഏറ്റവും ഉത്തമമായ രീതിയിലേക്കാകുന്നു. ആകേണ്ടതുമാണ്. ഇത്തവണ വിദേശ അതിഥികളെ അതിൽ അധികവും അനഹ്മദി അതിഥികളായിരുന്നു. വാടകക്ക് സ്ഥലമെടുക്കുന്നതിനും, ഹോട്ടലുകൾ തയ്യാറാക്കി കൊടുക്കുന്നതിനും പകരം അവരെ യു.കെ യിലെ ജാമിഅ അഹ്മദി യ്യായുടെ പുതിയ കെട്ടിടത്തിലാണ് താമസിപ്പിച്ചിരുന്നത്. ജാമിഅ

അഹ്മദിയ്യായുടെ കെട്ടിടവും കുറച്ച് മാസങ്ങൾക്ക് മുമ്പ് പുതിയതായി വാങ്ങിയതാണ്.

വിശാലമായ താമസ കെട്ടിടമാണെന്നതു കൂടാതെ വളരെ മനോഹരമായ സ്ഥലത്തുമാണ് സ്ഥിതി ചെയ്യുന്നത്. കുന്നുകൾക്ക് മുകളിൽ വനത്തിനടുത്ത്. പുറത്ത് നിന്നു വന്നരോട് ഞാൻ പറയുന്നു, പോയി കാണുക. ജമാഅത്തിന്റെ നല്ല ഒരു സമ്പത്താണിത്. എന്നാൽ ജനവാസത്തിന്റെ അടുത്തുമാണ്. ആ സ്ഥലം കാണുന്നവർ പ്രശംസിക്കാതിരിക്കില്ല. ഇതും ഈ വർഷം അല്ലാഹു ജമാഅത്തിന് നൽകിയ അനുഗ്രഹങ്ങളിൽ പെട്ട ഒന്നാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അസാധാരണമായ നിലയിൽ കുറഞ്ഞ വിലക്ക് നമുക്ക് ഈ സ്ഥലം ലഭിക്കുകയുണ്ടായി. ഈ സ്ഥലം ഹോട്ടലായിട്ടും വിവിധ കോൺഫറൻസുകൾക്കായിട്ടും ഉപയോഗിച്ചിരുന്നു. അത് കൊണ്ടാണ് താമസത്തിന് വേണ്ടിയുള്ള നമ്മുടെ ഉദ്ദേശ്യത്തെ ഉത്തമമായ നിലയിൽ പൂർത്തിയാക്കിയത്. ഏതായാലും നമ്മുടെ എല്ലാ അനഹ്മദി അതിഥികളും അതിൽ ചില രാജ്യങ്ങളുടെ മന്ത്രിമാരും ഉണ്ടായിരുന്നു. ഇവിടെ തങ്ങി. സംവിധാനങ്ങളേയും വളരെ പ്രശംസിക്കുകയുണ്ടായി. ഈ ബഹുമാന്യരായ അതിഥികൾ തങ്ങളുടെ പ്രതീകരണമായി എന്നോട് പറഞ്ഞത്, ജൽസാ ഗാഹിൽ വെള്ളം കുടിപ്പിച്ച് കൊണ്ടിരുന്ന ഒരു കുട്ടി മുതൽ വലിയവർ വരെ എല്ലാവരേയും ഞാൻ അല്ലെങ്കിൽ ഞങ്ങൾ സേവനത്തിനായി സന്നദ്ധരും പ്രസന്നരുമായി കാണുകയുണ്ടായി. ഇതാണ് അവ രുടെ പ്രതികരണങ്ങൾ. ജോലിക്കാരും ഈ അതിഥികളോട് കൃതജ്ഞതയുള്ളവരാകേണ്ടതാണ്. കാരണം അവർ നന്മകൾ മാത്രമാണ് കണ്ടത്. എല്ലാവരിലും എന്തെങ്കിലും ന്യൂനതകൾ ഉണ്ടാകാറുണ്ട്. അവർ തങ്ങളുടെ ആതിഥേയരുടെ കൃതജ്ഞത ഉത്തമമായ നിലയിൽ പ്രകടിപ്പിച്ചു എന്നതും അതിഥികളുടെ പ്രോൽസാഹനത്തിന്റെ വിശാലതയാണ്. അങ്ങേയറ്റത്തെ വികാരത്തോടു കൂടിയാണ് അവർ നന്ദി പറഞ്ഞത്. എന്നും  അനഹ്മദി അതിഥികൾ നമ്മുടെ വ്യവസ്ഥിതിയിലും ജൽസയുടെ അന്തരീക്ഷത്തിലും ജനങ്ങളുടെ സൽ പെരുമാറ്റത്തിലും വളരെ അധികം സ്വാധീനിക്കപ്പെടുന്നു. ഈ വർഷവും അങ്ങിനെ തന്നെയാണ്. ഇക്കാര്യത്തിലും അല്ലാഹുവിന് നന്ദി പറയേണ്ടതിനോടോപ്പം- ഞാനും പറയാറുണ്ട് ഓരോ അഹ്മദിയും പറയേണ്ടതാണ്- ജോലിക്കാർക്കും ജൽസയിൽ പങ്കെടുക്കുന്നവർ നന്ദി പറയേണ്ടതാണ്. ഞാനും അവർക്ക് നന്ദി പറയുകയാണ്. അവർ രാത്രിയും പകലും ഒന്നാക്കി ജൽസയുടെ സംവിധാനത്തെ ഉത്തമമായ നിലയിൽ നടത്തുകയും പൂർത്തിയാക്കുകയും ചെയ്തു. അല്ലാഹു ഇവർക്കെല്ലാവർക്കും ഉത്തമമായ പ്രതിഫലം നൽകട്ടെ. അതു പോലെ പൊതുവിൽ സംഘാടകർക്കും ജൽസയിൽ പങ്കെടുത്ത എല്ലാവരോടും കൃതജ്ഞത ഉണ്ടായിരിക്കേണ്ടതാണ്. ഈ എല്ലാ സംവിധാനവും സുന്ദരമായ നിലയിൽ യാതൊരു വലിയ പ്രശ്നവുമില്ലാതെ നടക്കുന്നതിന് വേണ്ടി അവർ ജൽസയുടെ ഉദ്ദേശ്യത്തെ മനസ്സിലാക്കുകയും ജോലിക്കാരോടും സംഘാടകരോടും സഹകരിക്കുകയും ചെയ്തു. സാധാരണ അതിഥികൾ ഇത്തവണ പൊതുവിൽ പ്രശംസിച്ചത് കുളിമുറി മുതലായവയുടെ വൃത്തിക്കായി നല്ല സംവിധാനമായിരുന്നു എന്നാണ്. അധികം പേരും എഴുതിയത് കുളിമുറിയിൽ കുളിക്കുന്നതിനായി ചൂടു വെള്ളത്തിനുള്ള നല്ല സംവിധാനം ഏർപ്പെടുത്തിയിരുന്നു. മുമ്പ് ചൂട് കാലത്തും തണുത്ത വെള്ളത്തിൽ കുളിക്കേണ്ടി വരികയും തണുപ്പ് അനുഭവപ്പെടുകയും ചെയ്തിരുന്നു. എന്നാൽ ഇത്തവണ തണുപ്പായിരുന്നിട്ടു കൂടി ചൂടുവെള്ളം കാരണത്താൽ നല്ലപോലെ കുളിക്കാൻ കഴിഞ്ഞു എന്നാണ്. വൃത്തി സംബന്ധമായി ഒരു വ്യത്യസ്ഥവും ഉത്തമവുമായ സംവിധാനം തന്നെ ഒരുക്കുന്നതിനായി ഇത്തവണ ജൽസാ സലാനയുടെ ഓഫീസർ പ്രത്യേകം ശ്രദ്ധ നൽകിയിരുന്നു. اَلْحَمْدُ لِلّٰهِ ഇത് പ്രാവർത്തികമാക്കിയപ്പോൾ  അത്  വിജയകരവുമായി.

മറ്റൊരു കാര്യം ജൽസാഗാഹിൽ ശബ്ദത്തെ സംബന്ധിച്ച് പൊതുവിൽ എല്ലാവരും അഭിനന്ദിച്ചിട്ടുണ്ട്. ശബ്ദം എത്തിക്കുക എന്നത് അത്യന്തം പ്രാധാനമർഹിക്കുന്ന ഒരു സംവിധാനമാണ്. അഥവാ ഇത് ശരിയായില്ലെങ്കിൽ ജൽസയിൽ വരുന്നതിന്റെ ഉദ്ദേശ്യം നഷ്ടമാവുന്നു. കാരണം അല്ലാഹുവിന്റേയും റസൂലിന്റേയും കാര്യങ്ങൾ കേൾക്കുന്നതിനാണ് ജനങ്ങൾ വരുന്നത്. അതില്ലെങ്കിൽ പിന്നെ വെറും ബഹളം മാത്രമായിരിക്കും ഉണ്ടാകുക. ഒരു മേള മാത്രമായിരിക്കും. പുരുഷന്മാരുടെ ഭാഗത്ത് നിന്ന് പന്തലിന്റെ പ്രധാനഭാഗത്ത് പൊതുവിൽ ഈ സംവിധാനം തൃപ്തികരമായിരുന്നു എന്ന അറിവാണ് ലഭിച്ചത്. സ്ത്രീകളുടെ ഭാഗത്ത് നിന്ന് ഇതുവരെ പരാതികൾ ഒന്നും ലഭിച്ചിട്ടില്ലായെങ്കിലും, ഞാൻ സ്വയം അവിടെ എത്തിയപ്പോൾ സ്റ്റേജിൽ ശബ്ദം എത്തിക്കുന്നതിനുള്ള സംവിധാനം വളരെ മോശമായിരുന്നു. തിലാവത്തും, നസവും എനിക്ക് ശരിക്ക് മനസ്സിലായത് തന്നെയില്ല. ഇതിലേക്ക് ഭാവിയിൽ സംഘാടകർ ശ്രദ്ധിക്കേണ്ടതാണ്. അതുപോലെ പുരുഷന്മാരുടെ സ്റ്റേജിൽ ഇരുന്നവരിൽ നിന്ന് ഒരു പരാതി എനിക്ക് ലഭിച്ചിരുന്നു. ചില പ്രഭാഷണങ്ങളുടെ ശബ്ദം സ്റ്റേജിൽ ശരിക്ക് വരുന്നില്ല എന്ന്. പരാതി പറയുന്ന ആളുകൾ ഒരു പക്ഷെ എന്റെ ചെവിയുടെ പ്രശ്നമായിരിക്കാം എന്നും പറഞ്ഞിരുന്നു. എന്നാലും എന്റെ അഭിപ്രായത്തിൽ ചെവിയുടെ കുഴപ്പമല്ല. സ്റ്റേജിൽ എന്തായാലും സംവിധാനം ശരിയാകാറില്ല. എപ്രകാരം പന്തലിന്റെ മറ്റ് ഭാഗങ്ങളിലും പുറത്തും നല്ല ശബ്ദം എത്തിക്കുന്നതിനായി ശ്രമിക്കുന്നുവോ സ്റ്റേജിലും നല്ല ശബ്ദത്തിനുള്ള സംവിധാനം വേണ്ടതാണ്. അങ്ങിനെ സംവിധാനം ചെയ്യാൻ പറ്റില്ലായെങ്കിൽ സ്റ്റേജിൽ ഇരുത്തുന്ന 250,300 ഓളം വരുന്ന കേന്ദ്ര പ്രതിനിധികളെ സ്റ്റേജിൽ ഇരുത്തരുത്. ഇവിടെ മുന്നിൽ ഇരുന്ന് കൊണ്ട് നല്ല പോലെ കേൾക്കട്ടെ. അതുപോലെ കുട്ടികളുടെ പന്തലിൽ, കുറഞ്ഞത് ഒരു ഭാഗത്തെങ്കിലും കേൾക്കാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ മാതാക്കൾക്ക് കേൾക്കാൻ പറ്റിയ തരത്തിലുള്ള നല്ല ശബ്ദത്തിനുള്ള സംവിധാനം ചെയ്യേണ്ടതാണ്. ശബ്ദം ഒട്ടും മനസ്സിലാവുന്നില്ല എന്ന് പൊതുവിൽ പരാതി ഉണ്ടാകാറുണ്ട്. ചില പ്പോൾ ബഹളം കാരണത്താലാകും. എന്നാൽ ലൗഡ് സ്പീക്കറിന്റെ ശബ്ദം ഉച്ചത്തിലാക്കാൻ കഴിയുന്നതാണ്. ഇതിന് വേണ്ടി സാങ്കേതിക വിദഗ്ദരുടെ സഹായം സ്വീകരിക്കേണ്ട ആവശ്യമുണ്ട്. അത് ഏതെങ്കിലും വിദഗ്ദരിൽ നിന്ന് കരസ്ഥമാക്കേണ്ടതാണ്.

അത് സംബന്ധിച്ച് ഞാൻ ഒരു കാര്യം കൂടി പരാമർശിക്കാൻ ആഗ്രഹിക്കുകയാണ്. കാനഡ ജൽസയിൽ ശബ്ദസംവിധാനത്തിലേക്ക് ഞാൻ ശ്രദ്ധ ക്ഷണിച്ചിരുന്നു. ഈദിന്റെ അവസരത്തിൽ ജൽസ നടക്കുന്ന അതേ ഹാളിൽ തന്നെ അവർ പെരുന്നാളിനുള്ള സംവിധാനവും ഒരുക്കിയിരുന്നു. അവിടെ നിന്ന് ജനങ്ങളിൽ നിന്നും സംഘാടകരിൽ നിന്നും എനിക്ക് ലഭിച്ച വിവരം, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരുടെ സംവിധാനത്തിൽ വളരെ പുരോഗതി ഉണ്ടായിട്ടുണ്ട് എന്നാണ്. ഏകദേശം 90,95 ശതമാനത്തോളം ഇത് ശരിയാക്കിക്കഴിഞ്ഞു. ഉണർത്തിയത് കൊണ്ട് മാത്രമാണ് സംഘാടകർ ഇതിലേക്ക് ശ്രദ്ധിച്ചത്. മുമ്പ് ശ്രദ്ധയുണ്ടായിരുന്നില്ല. അവർ കൂടുതൽ നല്ല വിദഗ്ദനെ കൊണ്ട് ഇത്തവണ പണി യെടുപ്പിച്ചു. അതവർക്ക് ഗുണകരമായി. ചുരുക്കത്തിൽ ശബ്ദത്തിന്റേത് വളരെ സുപ്രധാന വിഭാഗമാണ്. ശബ്ദത്തിന്റെ ഗുണത്തിലും കൂടുതൽ ഊന്നൽ നൽകേണ്ടതാണ്. ഒരിക്കലും ഇതിൽ കോംപ്രമൈസ് ചെയ്യരുത്. നിസാര ന്യൂനതയേയും ദുരീകരിക്കാൻ ശ്രമിക്കേണ്ടതാണ്. കാനഡയെ കുറിച്ച് ഞാൻ പരാമർശിച്ചതിന്റെ  കാരണം, രണ്ട് തവണ അവരുടെ പരാമർശം ഖുതുബകളിൽ വന്നിട്ടുണ്ട്. തൽഫലമായി സംഘാടകർ വളരെ അസ്വസ്ഥരായിരുന്നു. ഇത്തവണ അവർ നല്ല കാര്യം ചെയ്തു. അതിനെ അഭിനന്ദിക്കേണ്ടതാണ്.

ഭക്ഷണത്തിനുള്ള സംവിധാനവും പൊതുവിൽ നല്ലതായിരുന്നു. എന്നാൽ ചിലപ്പോൾ ഭക്ഷണം താമസിച്ചിരുന്നു എന്നെനിക്ക് അറിവ് ലഭിച്ചിരുന്നു. ചിലരുടെ ഭക്ഷണം കഴിഞ്ഞിട്ടും മറ്റ് ചിലർക്ക് ഭക്ഷണം എത്തുന്നതിൽ താമസം നേരിട്ടു. തയ്യാറായിട്ടില്ലായിരിക്കാം, എന്തു കാരണമായാലും ജൽസാ സാലാനയുടെ ഓഫീസർ ഇതിനെ സംബന്ധിച്ച് അന്വേഷിക്കേണ്ടതാണ്. എന്തു കൊണ്ടാണ് അങ്ങിനെ സംബന്ധിച്ചത്? അതിലേക്ക് ശ്രദ്ധിക്കേണ്ടതുമാണ്. വിതരണം ചെയ്യുന്നതിനായി എന്തെങ്കിലും ഉണ്ടെങ്കിൽ മാത്രമെ ഭക്ഷണം നൽകുന്നവർക്ക് ഭക്ഷണം നൽകാനും അതിഥികളുടെ അവകാശം പൂർത്തിയാക്കാനും കഴിയുകയുള്ളൂ. പാവം, യുവാക്കളായ വിരതണക്കാർക്ക് ചിലപ്പോൾ ഇക്കാരണത്താൽ അതിഥികളുടെ മുന്നിൽ ലജ്ജിതരാകേണ്ടി വന്നിട്ടുണ്ട്. അതുപോലെ ഭക്ഷണം വിതരണം ചെയ്യുന്ന പന്തലിനെകുറിച്ച് പരാതിയൊന്നും  വന്നിട്ടില്ല. എന്നാൽ ഒരു ദിവസം ഭക്ഷണം വിതരണം ചെയ്യുന്ന സമയത്ത് പരിശോധനക്കായി ഞാൻ സ്വയം എത്തിയിരുന്നു. അവിടെ ഞാൻ കണ്ടത്, തിരക്കുള്ള സമയത്ത് വളരെ ബുദ്ധിമുട്ടിയാണ് ആളുകൾ ഭക്ഷണം കഴിച്ചിരുന്നത്. പരസ്പരം കുടുങ്ങിക്കിടക്കുകയായിരുന്നു. സ്ഥലം പരിമിതമായിരുന്നു. ഇത്തരം പരിമിതമായ സ്ഥലങ്ങളിൽ കറിയും മറ്റും മറ്റുള്ളവരുടെ വസ്ത്രത്തിൽ വീഴാനുള്ള സാധ്യത ഉണ്ടാകുന്നു. അപ്പോൾ ഒരു കക്ഷിക്ക് ലജ്ജിതരാകേണ്ടി വരുന്നതോടൊപ്പം അവിടെ ചിലപ്പോൾ പ്രശ്നങ്ങളും ഉണ്ടാകാം. അതിനാൽ സംഘാടകർ ഇത് രേഖപ്പെടുത്തുക. ഭാവിയിൽ ഭക്ഷണപന്തൽ വലുതാക്കേണ്ടതാണ്.  വിശാലമാക്കേണ്ടതാണ്.

അതിഥികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന ലാഭം കൊണ്ട് നമുക്ക് യാതൊരു പ്രയോജനവുമില്ല. അങ്ങിനെ ലാഭിക്കാനും പാടില്ല. ലജ്നയുടെ ഭാഗത്ത് നിന്നും പൊതുവിൽ വളരെ നല്ല റിപ്പോർട്ടാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ തബ്ശീറിന്റെ കീഴിലുള്ള അതിഥികളെ സൽക്കരിക്കുന്ന പ്രത്യേക വിഭാഗം, അതൊരു കേന്ദ്ര സംവിധാനമായിരുന്നു, പ്രാദേശിക ലജ്നകളുടെതാണെന്ന് പറയാൻ കഴിയില്ല. അതിനെ സംബന്ധിച്ച് എനിക്ക് ലഭിച്ച റിപ്പോർട്ട്, അവർ വിദേശ അതിഥികളോട് വളരെ കഠിനമായും മോശമായും പെരുമാറി എന്നാണ്. അറബികളിൽ നിന്നാണ് പ്രത്യേകിച്ച് ഈ പരാതി വന്നത്. തബ്ശീറിന്റെ ക്ഷണമുള്ളപ്പോൾ ഭക്ഷണം കഴിക്കാൻ വന്നവരെ തടഞ്ഞു. ഭക്ഷണം നൽകിയില്ല. സിംഗപ്പൂരിൽ നിന്ന് ഒരു അതിഥി വന്നിരുന്നു. അന്നേരമാണ് എത്തിയത്. മറ്റെന്തൊ കാരണത്താൽ അവരുടെ കയ്യിൽ വീലുള്ള ബാഗുണ്ടായിരുന്നു. അവരോട് മോശമായി പെരുമാറുകയുണ്ടായി. സാവധാനം പറഞ്ഞ് മനസ്സിലാക്കാമായിരുന്നു. അഥവാ തടയണമെങ്കിൽ മാന്യമായ നിലയിൽ, അകത്തേക്ക് കൊണ്ടുവരാൻ പറ്റില്ല ഒരു ഭാഗത്ത് വെക്കണമെന്ന് പറയാമായിരുന്നു അല്ലെങ്കിൽ വെപ്പിക്കാമായിരുന്നു. എന്തായാലും ജൽസാ സാലാനയുടെ സംഘാടകരെക്കാൾ കൂടുതൽ തബ്ശീറിന്റെ തെറ്റാണ്. അതിനാൽ ഇവർ ഇതുസംബന്ധമായി അവരോട് ക്ഷമയും ചോദിക്കേണ്ടതുണ്ട്. ഇസ്തിഗ്ഫാറും  ചെയ്യേണ്ടതാണ്.

അറബികൾക്ക് പ്രത്യേകിച്ച് ഭാഷയുടെ പ്രശ്നമുണ്ടാകും. അല്ലെങ്കിൽ സിങ്കപ്പൂർ, ഇന്തോനേഷ്യ തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് വരുന്ന മറ്റ് അതിഥികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും അല്ലെങ്കിൽ മറ്റ് രാഷ്ട്രങ്ങളിൽ നിന്ന് വരുന്നവർക്കും. എല്ലായിടത്തും ഭാഷ പ്രശ്നമാണ്. അതിനാൽ വളരെ സൂക്ഷ്മത യുടെ ആവശ്യമുണ്ട്.

മുമ്പ് ധാരാളം ഉണ്ടാകാറുണ്ടായിരുന്ന പരാതി ഇത്തവണ ഒന്നോ രണ്ടോ ഉള്ളു. അതായത് ചില മാതാക്കൾ തങ്ങളുടെ കുട്ടികളെ പ്രധാന പന്തലിൽ കൊണ്ടു വരുമ്പോൾ മാതാക്കളെ തടയുന്നതിനു പകരമായി വളണ്ടിയേർസ് കുട്ടികളെ പിടിച്ച് വലിച്ച് പുറത്തേക്ക് കൊണ്ടുപോകുന്നു. ഇത് വളരെ തെറ്റായ നടപടിയാണ്. ഇത് കുട്ടികളെ ഭയപ്പെടുത്തുന്ന കാര്യമാണ്. അതുപോലെ പിന്നീട് ജൽസയോട് വെറുപ്പ് ജനിപ്പിക്കുന്ന കാര്യമാണ്. 5, 6 വയസ്സുള്ള കുട്ടികൾ പ്രധാന പന്തലിൽ വന്നാൽ തന്നെയും ഒരു പ്രശ്നമില്ല. പൊതുവിൽ ആ പ്രായത്തിലുള്ള കുട്ടികൾ ബഹളം കൂട്ടാറില്ല. മാതാക്കൾ പറഞ്ഞാൽ ഒന്നോ രണ്ടോ ഒഴിച്ച് ബാക്കിയെല്ലാവരെയും നിയന്ത്രിക്കാൻ കഴിയും. പ്രത്യേകിച്ച് പെൺകുട്ടികൾ വളരെ മാന്യത കാണിക്കുന്നു. ഏതായാലും അതിനു ശേഷവും അവരിൽ നിന്ന് ബഹളം കേട്ടാൽ സാവധാനത്തിൽ കുട്ടികളേയും കൊണ്ട് പുറത്തു പോവുക എന്ന് മാതാക്കളോട് പറയുക. ഡ്യൂട്ടിയിലും ഇവർ കുട്ടികളുടെ മേൽ യാതൊരു ബലപ്രയോഗവും നടത്താൻ പാടില്ല. എല്ലാ അവസ്ഥയിലും എല്ലായിടത്തും നമ്മുടെ ഉന്നത ധാർമ്മിക ഗുണത്തിന്റെ നിലവാരമാണ് ഉണ്ടാകുന്നത്.

ബന്ധപ്പെട്ട എല്ലാ വിഭാഗവും തങ്ങളുടെ ന്യൂനതയെ മനസ്സിലാക്കുക. പിന്നീട് അതിനെ രേഖപ്പെടുത്തുക. റെഡ് ബുക്കിൽ രേഖപ്പെടുത്തുക. പിന്നീട് ഭാവിയിൽ ജൽസാ സാലാനയുടെ സംവിധാനങ്ങൾ ഒരുക്കുമ്പോൾ ഇവയെ മുന്നിൽ വെക്കുക. കാരണം ഇത്തരത്തിലുള്ള നിസാര സൂക്ഷ്മതയില്ലായ്മ നല്ല പ്രയത്നത്തെയും നശിപ്പിക്കുന്നു. പുരോഗതി കൈവരിക്കണമെങ്കിൽ ഗൗരവപൂർവ്വം ശ്രദ്ധിക്കേണ്ടതുണ്ട്. നിശ്ചയമായും നമുക്ക് പുരോഗതി കൈവരിക്കേണ്ടതുണ്ട്. സംഘാടകർ ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്ത് നിന്ന് ജൽസയുടെ ആശംസകൾ അർപ്പിച്ചു ലഭിച്ചു കൊണ്ടിരിക്കുന്ന കത്തുകളിൽ ലോകത്തുള്ള എല്ലാ അഹ്മദികളും എം.ടി.എ യുടെ ജോലിക്കാരോട് വളരെയധികം കൃതജ്ഞതയുള്ളവരാണ്. ഇവർ കാരണത്താലാണ് അവർക്ക് ജൽസയിൽ ഭാഗവാക്കാകാനും മറ്റ് പരിപാടികൾ ദർശിക്കാനും അവസരം സിദ്ധിച്ചത്. ഇത്തവണ ജൽസയുടെ പരിപാടികൾ അല്ലാതെയുള്ള പരിപാടികൾ അതായത് ജൽസയുടെ ഇടവേളകളിലുള്ളത്, അതിന്റെ നിലവാരത്തെയും ജനങ്ങൾ വളരെയധികം പ്രശംസിച്ചിട്ടുണ്ട്. ഞാൻ കണ്ടില്ല. എന്നാലും റിക്കാർഡിങ്ങ് കാണാമെന്ന് വിചാരിക്കുന്നു. പറയുന്നത് വളരെ ഉപകാരപ്രദമായ പരിപാടികളായിരുന്നു എന്നാണ്. നിലവാരവും ഉയർന്നതായിരുന്നു. അല്ലാഹു പരിപാടികൾ തയ്യാറാക്കിയ എല്ലാവർക്കും പരിപാടികളിൽ പങ്കെടുത്ത എല്ലാവർക്കും പ്രതിഫലം നൽകട്ടെ. അവർ ഈ ദിനങ്ങളിൽ അഹ്മദിയ്യാ ലോകത്തെ എം.ടി.എ യുമായി പറ്റിപ്പിടിച്ചു നിർത്തുന്നതിനായി ശ്രമിച്ചു. എം.ടി.എ അൽ അറബിയായും തത്സമയം പരിപാടികൾ നൽകിക്കൊണ്ടിരുന്നു. അതിന്റെ വളരെ നല്ല പ്രഭാവമാണ് ഉണ്ടായത്. ഞാൻ പറഞ്ഞതുപോലെ ഇത്തവണ എം.ടി.എ യെ ഇന്റർനെറ്റ് മുഖേനയും വിശാലത നൽകപ്പെട്ടു. റിപ്പോർട്ടനുസരിച്ച് 3 ലക്ഷത്തിലധികം പേർ ഇന്റർനെറ്റിലൂടെ ജൽസയുടെ പരിപാടികൾ കാണുകയുണ്ടായി. ഏതായാലും മൊത്തത്തിൽ അല്ലാഹുവിന്റെ അനവധി കാരുണ്യങ്ങളും അനുഗ്രഹങ്ങളും ഉണ്ടായി. ഞാൻ പറഞ്ഞതുപോലെ ജൽസയുടെ അനുഗ്രഹങ്ങളെ ഇവിടെ പങ്കെടുത്തവർ അനുഭവിച്ചറിഞ്ഞു. ലോകത്തുള്ളവർ എം.ടി.എ യും ഇന്റർനെറ്റും മുഖേന പങ്കെടുത്തവരും അനുഭവിച്ചറിഞ്ഞു. അല്ലാഹു ഈ അനുഗ്രഹങ്ങളെ എപ്പോഴും വർദ്ധിപ്പിച്ച് കൊണ്ടിരിക്കുമാറാകട്ടെ. ഈ അനുഗ്രഹങ്ങൾ എന്നെന്നും നിലനിൽക്കുന്നതാകട്ടെ. അടുത്ത വർഷത്തെ ജൽസാ സാലാന ഇതിനെക്കാൾ കൂടുതൽ അനുഗ്രഹങ്ങൾ  കൊണ്ടുവരുന്നതാകട്ടെ.

ഇസ്ലാമിക ലോകത്തിന് വേണ്ടിയും ഇക്കാലത്ത് ധാരാളം ദു:ആയുടെ ആവശ്യമുണ്ട്. ഇസ്ലാമിക രാഷ്ട്രങ്ങളെയും മുസ്ലിം സമുദായത്തേയും ദു:ആകളിൽ അധികമായി ഓർക്കുക. ഇവർ

തങ്ങളുടെ അത്യാഗ്രഹങ്ങളാലും സ്വാർത്ഥ ലാഭങ്ങളാലും ഇസ്ലാം വിരോധ ശക്തികളാലും വലയിൽ കുടുങ്ങിയിരിക്കുകയാണ്, കുടുങ്ങിക്കൊണ്ടേയിരിക്കുകയാണ്. മുസ്ലിം സമുദായത്തെ എല്ലാ നിലയിലും അശക്തരാക്കി മാറ്റുകയാണ്. തങ്ങൾക്ക് എന്താണ് സംഭവിക്കുന്നതെന്ന് അവർ മനസ്സിലാക്കുന്നില്ല. മനപ്പൂർവ്വം കലഹങ്ങളുടെ അവസരങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. തൽഫലമായി മുസ്ലിംകൾ യഥാർത്ഥ പ്രതികരണം കാണിക്കേണ്ടതിനു പകരം തെറ്റായി പ്രതികരിച്ചുകൊണ്ട് തങ്ങളുടെ മേൽ കൂടുതൽ വിപത്തുകൾ വലിച്ചിടുകയാണ്. അല്ലാഹു അവരെ എല്ലാവിധത്തിലും സുരക്ഷിതരാക്കട്ടെ. ധാരാളമായി ദു:ആ ചെയ്യുക. അല്ലാഹു മുസ്ലിം സമുദായത്തിനു ബുദ്ധി നൽകുമാറാകട്ടെ. ഇവരും അല്ലാഹുവും അവന്റെ റസൂലും നമുക്ക് പറഞ്ഞു തന്ന അദ്ധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നവരാകട്ടെ.

നമസ്കാരത്തിനു ശേഷം ഞാൻ ചില ജനാസയും നമസ്കരിപ്പിക്കുന്നതാണ്. ഒന്ന് ജനാസ ഹാസിർ ആണ്. അത് എത്തിയോ? അത് ബഹുമാന്യ മിസ്റ്റർ മുഹമ്മദ് ആലം സാഹിബിന്റെതാണ്. അദ്ദേഹം തഅ്ലീമുൽ ഇസ്ലാം സ്കൂളിന്റെ റിട്ടയേർഡ് ടീച്ചറായിരുന്നു. 73-ാം വയസ്സിലാണ് വഫാത്തായത് اِنَّا لِلّٰهِ وَ اِنَّآ اِلَيْهِ رٰجِعُوْنَ 1960 ൽ അദ്ദേഹം കുടുംബത്തിലെ എളാപ്പയുടെ തബ്ലീഗിന്റെ ഫലമായി നല്ലപ്പോലെ അന്വേഷിച്ചറിഞ്ഞ ശേഷമാണ് ബയ്അത്ത് ചെയ്തത്. പിന്നീട് സർക്കാറിന്റെ ജോലി ചെയ്യുന്നതിനു പകരം പരിശ്രമം നടത്തി ജമാഅത്തിന്റെ സ്കൂളിൽ ജോലി ചെയ്യുന്നതിനായി റബ്വയിലേക്ക് ഷിഫ്റ്റായി. ആദ്യം ജമാഅത്തിന്റെ പ്രൈമറി സ്കൂളിൽ ആയിരുന്നു. പിന്നീട് ഹൈസ്കൂളിലെ ഉസ്താദായിരുന്നു. വളരെ സദ്‌വൃത്തനും ധാരാളം ദു:ആ ചെയ്യുകയും തഹജ്ജുദ് നമസ്കരിക്കുകയും ചെയ്യുന്ന ആത്മാർത്ഥ അഹ്മദിയായിരുന്നു. ജമാഅത്തിന്റെ വിവിധ പദവികളിൽ സേവനമനുഷ്ഠിക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചു. ഇപ്പോൾ ശെഫീൽഡിൽ ഏതാനും വർഷങ്ങളായി എത്തിയതായിരുന്നു. അവിടെയും സെക്രട്ടറി വസായയായിരുന്നു. തബ്ലീഗിനുള്ള ആവേശമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മാതാവും സഹോദരനും അദ്ദേഹത്തിന്റെ തബ്ലീഗ് ഫലമായാണ് അഹ്മദിയ്യത്ത് സ്വീകരിച്ചത്. റബ്വയുടെ പ്രാന്തപ്രദേശങ്ങളിലും തബ്ലീഗിനായി പോകുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ധാരാളം ഫലം അദ്ദേഹത്തിന് ലഭിച്ചു. തബ്ലീഗിന്റെ കാരണത്താൽ കേസുകളും നേരിടേണ്ടി വന്നിട്ടുണ്ട്. എന്നാൽ അല്ലാഹു മോചിപ്പിക്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ നല്ലതുപ്പോലെ വായിച്ചിരുന്നു. ചില ഉദ്ധരണികൾ മനപ്പാഠമായിരുന്നു എന്ന് പറയപ്പെടുന്നു. അത്യാവശ്യമായ ഉദ്ധരണികൾ. ഖിലാഫത്തിനോട് സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ബന്ധമായിരുന്നു. 3 ആൺമക്കളും 2 പെൺമക്കളുമാണുള്ളത്. അദ്ദേഹത്തിന്റെ ഒരു സഹോദരൻ നമ്മുടെ മുബല്ലിഗ് സിൽസിലയാണ്. മാൻചസ്റ്ററിൽ ബഹുമാന്യ മലക് മുഹമ്മദ് അക്റം സാഹിബ്.

രണ്ടാമത്തെ ജനാസ ബഹുമാന്യ അഹ്മദ് അലി സാഹിബിന്റെ മകനായ ബഹുമാന്യ മുഹമ്മദ് നവാസ് സാഹിബിന്റെതാണ്. അദ്ദേഹത്തിന്റെ പിതാവ് അഹ്മദ് അലി സാഹിബ് 1950 ൽ ഖലീഫത്തുൽ മസീഹ് സാനിയുടെ കയ്യിലാണ് ബയ്അത്ത് ചെയ്തത്. നിരക്ഷരനായിരുന്നുവെങ്കിലും വളരെ ആത്മാർത്ഥതയുള്ള വ്യക്തിയായിരുന്നു അദ്ദേഹത്തിന്റെ പിതാവ്. മുഹമ്മദ് നവാസ് സാഹിബ് പോലീസിൽ കോൺസ്റ്റബിളായാണ് ഡ്യൂട്ടി ചെയ്തിരുന്നത്. ഭാര്യയും മക്കളും ജമാഅത്തുമായി നല്ല ബന്ധത്തിലായിരുന്നു. കഴിഞ്ഞ ദിവസം അദ്ദേഹം കറാച്ചിയിൽ ഡ്യൂട്ടിയിലായിരുന്നു. മോട്ടോർ സൈക്കിളിൽ ഡ്യൂട്ടിക്ക് പോയപ്പോൾ അജ്ഞാതരായ രണ്ട് മോട്ടോർ സൈക്കിൾ യാത്രികർ അദ്ദേഹത്തിന് നേരെ നിറയൊഴിച്ചു. തലയിൽ വെടിയുണ്ടകൾ തറച്ച കാരണത്താൽ അവിടെതന്നെ ശഹീദായി اِنَّا لِلّٰهِ وَ اِنَّآ اِلَيْهِ رٰجِعُوْنَ ജമാഅത്തംഗമായതിനാൽ എതിർപ്പ് കാരണത്താലാണ് ഇത് സംഭവിച്ചതെന്ന് കരുതപ്പെടുന്നു. അല്ലാഹു അദ്ദേഹത്തിന്റെ കുട്ടികൾക്ക് സഹനവും ധൈര്യവും നൽകട്ടെ. സഹപ്രവർത്തകർ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ പ്രശംസിക്കുമായിരുന്നു. 2 ആൺമക്കളും 3 പെൺ കുട്ടികളുമാണുള്ളത്. അല്ലാഹു മർഹൂമിന് മഗ്ഫിറത്തും റഹ്മത്തും നൽകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ.

മൂന്നാമത്തെ ജനാസ ഗാഇബ് ബഹുമാന്യ മർയം കൊറിയപ്പ സാഹിബ സദ്ർ ലജ്ന ഇമാഇല്ലാഹ് ഗാമ്പിയയുടെതാണ്. ഒരു നീണ്ട കാലമായി ഗാമ്പിയയുടെ സദ്ർ ലജ്നയായിരുന്നു. 7 നും 8നും മദ്ധ്യരാത്രിയിലാണ് ഇവർ വഫാത്തായത് اِنَّا لِلّٰهِ وَ اِنَّآ اِلَيْهِ رٰجِعُوْنَ ഒരാഴ്ച മുമ്പ് കഠിന രോഗത്താൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. എന്നാൽ രക്ഷിക്കാൻ കഴിഞ്ഞില്ല. അവർ മർഹൂം അലിയോ അമ്പാ സാഹിബ് മുൻ നാഇബ് അമീർ ഗാമ്പിയയുടെ പത്നിയായിരുന്നു. ഒരു നീണ്ട കാലം അവിടുത്തെ അവസ്ഥ കാരണത്താൻ 13 വർഷത്തോളം സദ്ർ ലജ്നയായി സേവനമനുഷ്ഠിച്ചിരുന്നു. ലജ്നയെ എല്ലാ തരത്തിലും പ്രബലമാക്കി. ഇജ്തിമായും ആരംഭിച്ചു. ലജ്നകളെ നല്ല പോലെ ഓർഗ്ഗനൈസ് ചെയ്തു. ജമാഅത്തിന്റെ എല്ലാ സേവനങ്ങളിലും ലബ്ബൈക് പറയുന്നവരായിരുന്നു. വളരെ ലളിതവും വിനയാന്വിതയുമായിരുന്നു. ലജ്നാ ഇമാഇല്ലാഹ് സാമ്പത്തിക ത്യാഗങ്ങളിൽ മുന്നേറുന്നതിനായി എപ്പോഴും പരിശ്രമിച്ചിരുന്നു. സ്വയവും ധാരാളം ത്യാഗങ്ങൾ ചെയ്യുന്നവരായിരുന്നു. അല്ലാഹു മർഹൂമയുടെ പദവികൾ ഉയർത്തുമാറാകട്ടെ. ഞാൻ പറഞ്ഞതു പോലെ ഇവരുടെയെല്ലാവരുടെയും ജനാസ നമസ്കരിപ്പിക്കുന്നതാണ്. ഒന്ന് ഹാളിർ ആണ്. ജുമുഅ നമസ്കാരത്തിന് ശേഷം ജനാസ നമസ്കാരത്തിനായി ഞാൻ താഴേക്ക് പോകുന്നതാണ്. നിങ്ങൾ ഇവിടെ പള്ളിയിൽ നിന്ന് എന്നോടൊപ്പം ജനാസ നമസ്കരിക്കുക.

## PRINTED BOOKS

**To**


**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**



KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 September 14 at : Baitul Futuh London
Translation: T.M.Abdul Mujeeb, Kakkanad

Typing: Nasarudheen.A.T & Tahir.M.P
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**